ചോദ്യോത്തരം
മുജീബ്

# കള്ളക്കഥകൾ ആരുടേത്?

■ *'മാറ്റത്തിനു അനുരോധമായി സ്വയം പുതുക്കിപ്പണിതുകൊണ്ടിരിക്കുന്ന ആ സമുദായത്തിന്റെ മേൽവിലാസത്തിൽ രാഷ്ട്രീയ ഭാഗ്യാന്വേഷകർ നടത്തുന്ന പരീക്ഷണങ്ങൾ മുസ്‌ലിം തീവ്രവാദ പരിലാളനത്തിൽ വരെ ചെന്നെത്തിയിരിക്കുന്നു. പി.ഡി.പിയെയും പോപ്പുലർ ഫ്രണ്ടിനെയും ജമാഅത്തെ ഇസ്‌ലാമിയെയും പോലുള്ള സംഘടനകൾ അതിന്റെ ഭീഷണങ്ങളായ മുഖങ്ങളായിരിക്കുന്നു. പൊതുസമൂഹത്തിൽ സ്വന്തമായി ഒരിടം ഇനിയും സൃഷ്ടിക്കാൻ സാധിക്കാത്ത സംഘടനകൾ മുസ്‌ലിം സമുദായം അനുഭവിക്കുന്ന അവശതകളുടെ പേരിൽ കള്ളക്കഥകൾ ചമച്ച് പൊതുജന ദൃഷ്ടിയിൽ നിലനിൽക്കാൻ ശ്രമിക്കുന്നതോടൊപ്പം അവ ബന്ധപ്പെട്ടു നിൽക്കുന്ന ചരടുകൾ ആരെയും കണ്ണിൽ പെടാതെ സൂക്ഷിക്കുകയും ചെയ്യുന്നു. ആ വേരുകളാണ് പതുക്കെ പതുക്കെ ഇപ്പോൾ പുറത്തുവരുന്നത്' (2009 ഡിസംബർ 25,* സമകാലിക മലയാളം *വാരികയുടെ മുഖപ്രസംഗം). മുജീബിന്റെ പ്രതികരണം?*

***എം.സി നൗഷാദ് ചെറുപുത്തൂർ***

**ഇ**ന്ത്യൻ ജമാഅത്തെ ഇസ്‌ലാമിയെക്കുറിച്ച് കള്ളക്കഥകൾ ചമയ്ക്കലും അപവാദ പ്രചാരണവും സ്വഭാവഹത്യയുമാണ്, കുറച്ചുകാലമായി *സമകാലിക മലയാളം* വാരിക ഏറ്റെടുത്തിരിക്കുന്ന ദൗത്യം. അതിന്റെ പിന്നിലെ ചരടുകൾ ആരുടെയും കണ്ണിൽ പെടാതെ സൂക്ഷിക്കുന്നുണ്ടെങ്കിലും ഉൾക്കണ്ണുള്ളവർക്കൊക്കെ കാണാനാവും. ആരോപണങ്ങളിൽ ഒന്നിനു പോലും സത്യസന്ധമായ തെളിവില്ലെങ്കിലും ഒരേ തരത്തിലുള്ള ആരോപണങ്ങൾ നിരന്തരം ആവർത്തിക്കുന്നത്, ഒരു നുണ നൂറുവട്ടം ആവർത്തിച്ചാൽ സത്യമാവുമെന്ന ഗീബൽസിയൻ പ്രമാണത്തിൽ ഇവർ വിശ്വസിക്കുന്നതുകൊണ്ടാണ്.

കഴിഞ്ഞ അറുപത് വർഷമായി രാജ്യത്ത് സമാധാനപൂർവം പ്രവർത്തിക്കുന്ന ആദർശ ധാർമിക പ്രസ്ഥാനമായ ജമാഅത്തെ ഇസ്‌ലാമി ഹിന്ദ് ഒരിക്കലും ഇന്ത്യയിലെയോ കേരളത്തിലെയോ മുസ്‌ലിംകളുടെ ഇല്ലാത്ത അവശതകൾ പറഞ്ഞു നടന്നിട്ടില്ല. ഉള്ളതു തന്നെ മുഴുവൻ പറയുകയോ അതിശയോക്തി കലർത്തി അവതരിപ്പിക്കുകയോ ചെയ്തിട്ടില്ല. സർക്കാർ നിയോഗിച്ച ഔദ്യോഗിക കമീഷനുകൾ തെളിവുകളും സ്ഥിതി വിവരക്കണക്കുകളും സഹിതം രേഖപ്പെടുത്തിയ പരാധീനതകൾ, സർക്കാറുകളും സർക്കാരിതര ഏജൻസികളും പരിഹരിക്കണമെന്ന് പറഞ്ഞിട്ടുണ്ട്; പരിഹരിക്കാനുള്ള ശ്രമങ്ങൾ സ്വന്തംനിലയിൽ നടത്തുന്നുമുണ്ട്. 'വിഷൻ 2016' അതിന്റെ മികച്ച ഉദാഹരണമാണ്. ഗുജറാത്തിൽ 2002-ൽ നടന്നതടക്കം രാജ്യത്ത് ആയിരക്കണക്കിന് മുസ്‌ലിംവിരുദ്ധ കലാപങ്ങൾ അരങ്ങേറിയപ്പോഴും തികഞ്ഞ ശാന്തി മന്ത്രമാണ് ജമാഅത്ത് ഉരുവിട്ടത്; ദുരിതാശ്വാസവും പുനരധിവാസവുമാണ്

അത് സംഘടിപ്പിച്ചത്. 1992 ഡിസംബർ ആറിന് ബാബരി മസ്ജിദ് തകർക്കപ്പെട്ടപ്പോൾ ജമാഅത്തെ ഇസ്‌ലാമി ഹിന്ദ് തികച്ചും അകാരണമായും അന്യായമായും നിരോധിക്കപ്പെട്ടപ്പോൾ പോലും, ഫോറം ഫോർ ഡെമോക്രസി ആന്റ് കമ്യൂണൽ അമിറ്റി(എഫ്.ഡി.സി.എ) രൂപവത്കരണത്തിൽ നിർണായക പങ്കു വഹിച്ച് സാമുദായിക ബന്ധങ്ങൾ മെച്ചപ്പെടുത്താനും മുറിവുകളുണക്കാനുമാണ് ജമാഅത്ത് പണിയെടുത്തത്. പിന്നീട് നിരോധം നീതീകരിക്കാനാവുകയില്ലെന്ന് ചൂണ്ടിക്കാട്ടി സുപ്രീം കോടതി അത് റദ്ദാക്കുകയായിരുന്നു. എന്തെങ്കിലും തെളിവുകൾ പ്രതിയോഗികൾക്കോ ഗവൺമെന്റിനോ ഹാജരാക്കാൻ കഴിഞ്ഞിരുന്നുവെങ്കിൽ സ്ഥിതി മറിച്ചായേനെ.

പുറത്ത് നടക്കുന്നതൊന്നും കേരളത്തിൽ പറയാൻ പാടില്ലെന്നും ഇന്ത്യയുടെ ഇതര ഭാഗങ്ങളിൽ നടക്കുന്നതൊന്നും കേരള മുസ്‌ലിംകൾക്ക് ബാധകമല്ലെന്നുമാണ് ഇവരുടെ വാദമെങ്കിൽ പരിഹാസ്യമായ വൈരുധ്യത്തിലാണ് ചെന്നുചാടുക. കാരണം ജമ്മു-കശ്മീരിലെയും മഹാരാഷ്ട്രയിലെയും അഹ്മദാബാദിലെയും ബംഗളൂരുവിലെയും സംഭവങ്ങൾ ചൂണ്ടിക്കാട്ടിയാണ് ഇക്കൂട്ടർ തീവ്രവാദ ബന്ധം കേരളത്തിലെ മുസ്‌ലിം സംഘടനകളുടെ പേരിൽ വെച്ചുകെട്ടുന്നത്. അവിടെ നടക്കുന്ന ഏതെങ്കിലും സ്ഫോടനത്തിന്റെയോ ഭീകര കൃത്യത്തിന്റെയോ പിന്നിൽ കേരളത്തിലെയോ മറ്റു സംസ്ഥാനങ്ങളിലെയോ ജമാഅത്തെ ഇസ്‌ലാമി ആണെന്ന് ഇവർക്ക് ആരോപിക്കുകയെങ്കിലും ചെയ്യാമോ? ഇന്നേവരെ തീവ്രവാദ ബന്ധം ആരോപിക്കപ്പെട്ട് പിടിയിലായ ഏതെങ്കിലും വ്യക്തിക്ക് ജമാഅത്തുമായി ബന്ധമുണ്ടോ? തടിയന്റവിട നസീറോ സർഫറാസോ അറസ്റ്റിലായ വേറെ വല്ലവരുമോ തങ്ങൾ ജീവിതത്തിൽ വല്ലപ്പഴും മൗദൂദിയുടെ ബുക്ക് വായിച്ചതായി പറഞ്ഞിട്ടുണ്ടോ? മറിച്ച് മൗദൂദി തള്ളിപ്പറയുകയും മൗദൂദിയെ തള്ളിപ്പറയുകയും ചെയ്ത ത്വരീഖത്തുകളിലും ആത്മീയ കേന്ദ്രങ്ങളിലും അഭയം തേടിയവരല്ലേ പിടിയിലായവർ? തീവ്രവാദത്തിന്റെ പ്രഭവ കേന്ദ്രം മൗദൂദി സാഹിത്യങ്ങളാണെന്ന് പറയുന്നവർ ഈ ചോദ്യങ്ങൾക്ക് മറുപടി പറയണം.

കേരളത്തിന് പുറത്തെന്ത് സംഭവിച്ചാലും കണ്ടില്ലെന്നും കേട്ടില്ലെന്നും നടിച്ച് ഇവിടെ കോൺഗ്രസ്സിനെ അലോസരപ്പെടുത്താതെ അതുമായി ഭരണം പങ്കിടണമെന്ന് തീരുമാനിച്ച മുസ്‌ലിം ലീഗിന്റെ നിലപാടാണ് ഇക്കൂട്ടർക്ക് ശ്ലാഘനീയമായി തോന്നുന്നത്. ബംഗളൂരുവിൽ ചേർന്ന മുസ്‌ലിം ലീഗ് ദേശീയ സമ്മേളനം തീവ്രവാദ വേട്ടക്കെതിരെ പ്രചാരണം നടത്താൻ തീരുമാനിക്കേണ്ടി വന്നിരിക്കെ ഇനി ഇക്കൂട്ടർ എന്തു ചെയ്യുമെന്ന് നോക്കിക്കാണാം. ഇന്ത്യൻ മുസ്‌ലിംകളുടെ പൊതുവായ പ്രശ്നങ്ങൾ കൈയാളുമ്പോൾ പഴയതുപോലെ മിണ്ടാതിരിക്കാൻ ലീഗിനാവുമോ? മറുവശത്ത് സാമ്പത്തിക സംവരണത്തിൽ കേരള ഹൈക്കോടതി അനുകൂലമായി വിധി എഴുതിയതിനെ മാധ്യമങ്ങൾ വാനോളം പുകഴ്ത്തുന്നു. ഈ കള്ളക്കളികൾ പുറത്തുകൊണ്ടുവരുന്നവരുടെ നേരെയാണ് *മലയാളം* വാരികയും സമാന മനസ്കരും കുരച്ചുചാടുന്നത്. പക്ഷേ, മുഖ്യധാരാ മാധ്യമങ്ങൾ മുഴുവൻ ഈ കള്ളക്കളിയിൽ പങ്കാളികളായിട്ടും സത്യം കുറേശ്ശെയായി പുറത്തു വരുന്നു. അതിലുള്ള അങ്കലാപ്പാണ് ഇപ്പോഴത്തെ കലിതുള്ളലിന്റെ പിന്നിൽ.

## തീവ്രവാദം ഉടലെടുക്കുന്നത്

■ *“മതരാഷ്ട്രവാദത്തിൽനിന്നാണ് എല്ലാ തീവ്രവാദങ്ങളും ഉടലെടുത്തത്. പ്രമാണങ്ങളെ ദുർവ്യാഖ്യാനം ചെയ്ത് ഇസ്‌ലാമിന്റെ പേരിൽ മതരാഷ്ട്രവാദത്തിന് അബുൽ*

*അഅ്‌ലാ മൗദൂദി തുടക്കം കുറിച്ചു. ഹൈന്ദവ ധർമങ്ങളെ ദുർവ്യാഖ്യാനിച്ച് ഗോൾവാൾക്കർ ഹിന്ദു രാഷ്ട്രവാദവുമായി രംഗത്തുവന്നു. ഇവരാരും യഥാർഥത്തിൽ സമുദായ സംരക്ഷകരല്ല എന്ന് തിരിച്ചറിയണം." കണ്ണൂർ മണ്ഡലം മുജാഹിദ് സമ്മേളനത്തിൽ അഹ്മദ് അനസ് മൗലവി (ചന്ദ്രിക, കണ്ണൂർ 2010 ജനുവരി 5). മുജീബിന്റെ പ്രതികരണം?*

***അഹ്മദ് പെരിങ്ങാടി***

**മ**തരാഷ്ട്രവാദം ഇസ്‌ലാമിൽ ഇല്ല. കാരണം, രാഷ്ട്രീയം ഇല്ലാത്ത ഒരു ഇസ്‌ലാം ഭൂമിയിൽ അല്ലാഹു അവതരിപ്പിച്ചിട്ടില്ല. ഇസ്‌ലാം ഭൂമുഖത്ത് വന്ന ഒന്നാം തീയതി മുതൽ അതിൽ രാഷ്ട്രീയമുണ്ട്. പ്രവാചകന്മാർ ഒന്നടങ്കം രാഷ്ട്രീയം പറഞ്ഞിട്ടുമുണ്ട്. ചിലർ രാഷ്ട്രം തന്നെ സ്ഥാപിച്ചു. ഉദാഹരണം ദാവൂദും സുലൈമാനും (അ) മുഹമ്മദ് നബിയും. ഇങ്ങനെയല്ലാത്ത ഒരു ഇസ്‌ലാം മുജാഹിദ് മൗലവിമാരുടെ കൈവശം ഉണ്ടെങ്കിൽ അവർ അവതരിപ്പിക്കട്ടെ.

രണ്ടാമതായി, എല്ലാ തീവ്രവാദങ്ങളും രാഷ്ട്രീയത്തിൽനിന്നുടലെടുത്തതല്ല. മുഅ്തസിലികളും ഖദ്‌രികളും ജബ്‌രികളും നുസൈരികളും ദറൂസികളും ഉണ്ടായത് രാഷ്ട്രീയത്തിന്റെ പേരിലല്ല.

മൂന്നാമതായി, മൗദൂദി മതരാഷ്ട്രവാദത്തിനോ തീവ്രവാദത്തിനോ തുടക്കം കുറിച്ചിട്ടില്ല. അദ്ദേഹത്തിന്റെ കൃതികൾ മുഴുവൻ പരിശോധിച്ചാലും തെളിവുകൾ ലഭിക്കില്ല. അദ്ദേഹത്തിന്റെയോ സംഘടനയുടെയോ പേരിലും വിലാസത്തിലും പ്രത്യക്ഷത്തിലോ പരോക്ഷമായോ ഒരു തീവ്രവാദ പ്രസ്ഥാനം പ്രവർത്തിക്കുന്നുമില്ല. പകരം, ഇന്ന് തീവ്രവാദം ആരോപിക്കപ്പെടുന്നതുപോലും വഹാബി പ്രസ്ഥാനത്തിലാണ്. തീവ്രവാദ പ്രസ്ഥാനങ്ങളിലധികവും സലഫി സംഘടനകളുമാണ്.

നാലാമതായി, 1926-ൽ തീവ്ര ഹിന്ദു ദേശീയവാദവുമായി രംഗത്തു വന്ന പ്രസ്ഥാനമാണ് രാഷ്ട്രീയ സ്വയം സേവക് സംഘ്. ഗോൾവാൾക്കർ പിന്നീടതിന്റെ സൈദ്ധാന്തിക അടിത്തറയുണ്ടാക്കി. ആ അടിത്തറ തീവ്ര ഹിന്ദുത്വമാണ്; മതരാഷ്ട്രവാദമല്ല. 1941-ലാണ് മൗദൂദി ജമാഅത്തെ ഇസ്‌ലാമി രൂപവത്കരിക്കുന്നത്. അദ്ദേഹം ഹിന്ദു-മുസ്‌ലിം ദേശീയതാവാദത്തെ ഒരുപോലെ തള്ളിക്കളഞ്ഞു. ആർ.എസ്.എസ്സിനു പ്രതികരണമായോ പ്രതിരോധമായോ അല്ല ജമാഅത്ത് നിലവിൽ വന്നത്. ജമാഅത്തിന്റെ പ്രതികരണമായല്ല ആർ.എസ്.എസ് പിറവിയെടുത്തതും. ചരിത്രവും വസ്തുതകളും പഠിക്കാതെ വിമർശിക്കുന്നവർക്ക് എന്തും പറയാം.

## ഇസ്‌ലാമിക സാമ്പത്തിക വ്യവസ്ഥ പുരോഗമനപരം!

■ *"ഇസ്‌ലാമിക സാമ്പത്തിക വ്യവസ്ഥ ഏതു കാലഘട്ടത്തിനും അനുയോജ്യമാണെന്നും നമ്മുടെ രാജ്യത്തിനും പുരോഗതിക്കും ഉതകുന്നതാണെന്നും ആര്യാടൻ മുഹമ്മദ് എം.എൽ.എ. കൂരാട് സലഫി നഗറിൽ സംഘടിപ്പിച്ച കെ.എൻ.എം വണ്ടൂർ മണ്ഡലം സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം" (ഗൾഫ് മാധ്യമം, 2009 ഡിസംബർ 27, മലപ്പുറം ജില്ലാ പേജ്). മുജീബിന്റെ പ്രതികരണം?*

***നസീർ പള്ളിക്കൽ രിയാദ്***

'**മ**തമേ വേണ്ട. വേണമെന്നുള്ളവർ സ്വകാര്യ ജീവിതത്തിൽ കൊണ്ടുനടക്കട്ടെ. നോം സെക്യുലറിസത്തിനു വേണ്ടിയാണ് ജീവിക്കുന്നത്' എന്നൊക്കെ പറഞ്ഞവർ ഏറ്റവും ചുരുങ്ങിയത് ഇസ്‌ലാമിനൊരു സാമ്പത്തിക വ്യവസ്ഥയുണ്ടെന്ന് അംഗീകരിച്ചു. അത് പ്രായോഗികമാണെന്നും പുരോഗതിക്കാവശ്യമാണെന്നും സമ്മതിച്ചു.

അര നൂറ്റാണ്ട് മുമ്പ് ഇത് പറഞ്ഞ കുറ്റത്തിനാണ് ഇസ്‌ലാമിക പ്രസ്ഥാനത്തെ ഇവർ കുരിശിലേറ്റിയത്. ഇനി ഇസ്‌ലാമിക സമ്പദ് വ്യവസ്ഥ പോരാ, അത് ചലിപ്പിക്കാൻ ആവശ്യമായ രാഷ്ട്രീയ വ്യവസ്ഥയും വേണം എന്ന് പറയുന്നകാലം വിദൂരമല്ല.

'അവർ നാവുകൾകൊണ്ട് അല്ലാഹുവിന്റെ പ്രകാശത്തെ ഊതിക്കെടുത്താൻ ആഗ്രഹിക്കുന്നു. അല്ലാഹു അവന്റെ പ്രകാശത്തെ പൂർത്തീകരിക്കുക തന്നെ ചെയ്യും, സത്യനിഷേധികൾ ഇഷ്ടപ്പെട്ടില്ലെങ്കിലും ശരി.' ■